"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ്- ജീവനക്കാര്യം -ശ്രീമതി നാസിയ ഷെരീഫ്, കൃഷി ഓഫീസർക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1189/2024/AGRI തീയതി,തിരുവനന്തപുരം, 20-12-2024

---

പരാമർശം:-

1. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 04/07/2024-ലെ ADFW/4829/2022-SVC (6) നമ്പർ നടപടിക്രമം
2. നോട്ടിഫിക്കേഷൻ നമ്പർ ADFW/12023/2023-SB2 തീയതി 08/10/2024
3. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 19/10/2024,08/12/2024 തീയതികളിലെ ADFW/12023/2023-SB2 നമ്പർ കത്തുകൾ.
4. സ.ഉ.(സാധാ) നം 1139/2024/കൃഷി തീയതി 30/11/2024
5. ശ്രീമതി.നാസിയ ഷെരീഫ് സമർപ്പിച്ച 04/12/2024 ലെ നിവേദനം.

**<u>ഉത്തരവ്</u>**

കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ 81 കൃഷി അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു. പരാമർശം (2) സെലക്ട് ലിസ്റ്റിലെ ക്രമനമ്പർ 17 ആയി ഉൾപ്പെട്ടിരുന്ന ശ്രീമതി.നാസിയ ഷെരീഫിനു ടിയാൾക്കെതിരെയുള്ള അച്ചടക്ക നടപടികൾ സംബന്ധിച്ച പരിശോധനയ്ക്കു വിധേയമായി സ്ഥാനക്കയറ്റം പുറപ്പെടുവിക്കുന്നതാണെന്നു പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു.

2) ശ്രീമതി.നാസിയ ഷെരീഫ് ന് എതിരായ അച്ചടക്ക നടപടി കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം താത്കാലികമായി തീർപ്പാക്കിയതിനാലും , ടിയാൾക്കെതിരെ വിജിലൻസ് ട്രൈബ്യൂണൽ കുറ്റാരോപണ മെമ്മോ നൽകിയിട്ടില്ലാത്ത സാഹചര്യം പരിഗണിച്ചും ഇളമ്പള്ളൂർ കൃഷി ഓഫീസറായ ശ്രീമതി.നാസിയ ഷെരീഫ് ന് പരാമർശം (2) സെലക്ട് ലിസ്റ്റിലെ സീനിയോരിറ്റി സംരക്ഷിച്ചുകൊണ്ട്, കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ പരാമർശം (3) ശിപാർശയുടെ അടിസ്ഥാനത്തിൽ KS & SSR ചട്ടം 28 (ബി) പ്രകാരം 59,300- 1,20,900/- രൂപ ശമ്പള സ്കെയിലിൽ കൃഷി അസിസ്റ്റന്റ്

ഡയറക്ടർ തസ്തികയിൽ റഗുലർ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകി ടെക്നിക്കൽ അസിസ്റ്റന്റ്, കാസറഗോഡ് പ്രിൻസിപ്പൽ കൃഷി ഓഫീസ് തസ്തികയിൽ നിയമിച്ച് ഉത്തരവാകുന്നു.

3) മേൽ ഉദ്യോഗസ്ഥ ഉടൻ പ്രാബല്യത്തിൽ മേൽ തസ്തികയിൽ പ്രവേശിക്കുന്നുവെന്ന് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ ഉറപ്പു വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബാലഗോപാൽ കെ കെ**

അഡിഷണൽ സെക്രട്ടറി

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (കൃഷി ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി **(AGRI-EA1/23/2024-AGRI)**

ഉത്തരവിൻ പ്രകാരം
Signed by
Aswathi S Poonkavanam
Date: 20-12-2024 13:53:35

സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.-യ്ക്ക്
കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.-യ്ക്ക്